## 'അടയാളങ്ങൾ' അരങ്ങിലേക്ക്

പരിയാരം: എഴുത്തുകാരൻ അഭിമുഖീകരിക്കേണ്ടിവരുന്ന അന്തഃസംഘർഷങ്ങൾ വരച്ചുകാട്ടി ചരിത്രവും രാഷ്ട്രീയവും വിഷയമാക്കി പ്രദീപ് മണ്ടൂർ രചനയും സംവിധാനവും നിർവഹിച്ച അടയാളങ്ങൾ എന്ന പുതിയ നാടകം അരങ്ങിലേക്ക്. സാംസ്കാരിക രംഗത്തെ അപച്യുതി ചർച്ചചെയ്യപ്പെടുന്നതുകൂടിയാണ് നാടകം. പുരാണരാഷ്ട്രീയ ചരിത്രങ്ങളിലെ ഒറ്റുകാർ സ്വയം വിചാരണ ചെയ്യപ്പെടുന്നതാണ് നാടകത്തിന്റെ മറ്റൊരു സവിശേഷത.

നാടകത്തിൽ ചരിത്രത്തിന്റെ ശേഷിപ്പുകളായി ഒഞ്ചിയം രക്തസാക്ഷി മണ്ടോടി കണ്ണൻ, ഭാര്യ ചീരു, അമ്മ ചീരുവമ്മ എന്നിവരും മുഖ്യകഥാപാത്രങ്ങളായെത്തുന്നു. നാടകമെഴുതിയ തിക്താനുഭവത്തിൽ നിരാശനായ നാടകകൃത്ത് നാടകത്തിന്റെ കൈയെഴുത്തുപ്രതിയുമായി രക്തസാക്ഷിയുടെ അമ്മയുടെ അടുത്തെത്തുകയും അവിടെനിന്ന് കിട്ടുന്ന ഊർജവുമായി മഴയിലേക്കിറങ്ങുന്നതും നാടകത്തിലെ പ്രധാന മുഹൂർത്തങ്ങളാണ്. പരിയാരം നാടകസംഘത്തിന്റെ 5-ാമത് നാടകമാണ് അടയാളങ്ങൾ. അരങ്ങിൽ സുനിത നല്ലൂർ, സൗമ്യ മാധവൻ, സുരേഷ് കൊടിയൻ കുണ്ടിൽ, മണി മുക്കം, ഷാജി പടുവളം, സത്യൻ കാനായി, രവീന്ദ്രൻ പെരിയാട്ട്, പി.പി.സുര എന്നിവർ വേഷമിടുന്നു.

# തെങ്ങുകൃഷി സംരക്ഷിക്കാൻ നീര ഉത്പാദനം അനിവാര്യം



ചെറുപുഴയിൽ നാളികേരകർഷക സംഗമം മന്ത്രി കെ.സി.ജോസഫ് ഉദ്ഘാടനം ചെയ്യുന്നു

ചെറുപുഴ: നാളികേരകൃഷിയുടെ രക്ഷയ്ക്ക് നീര ഉത്പാദനം അനിവാര്യമാണെന്ന് ഗ്രാമവികസന മന്ത്രി കെ.സി.ജോസഫ് പറഞ്ഞു.

ചെറുപുഴയിൽ നാളികേരവികസന ബോർഡിന്റെ നേതൃത്വത്തിൽ നടന്ന മലബാർമേഖല കേരകർഷക സംഗമവും നീര സാധ്യതകൾ സംവാദവും ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. നീര ഉത്പാദനത്തിനുള്ള തടസ്സങ്ങൾ സർക്കാർ നീക്കും. വിലയിടിവിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ നാളികേര ഉത്പാദക കമ്പനികൾക്ക് സാധിക്കും. പാൽ, പഴം, പച്ചക്കറി തുടങ്ങിയവയ്ക്ക് അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുന്നസ്ഥിതി മാറണമെന്നും അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ സി.കൃഷ്ണൻ എം.എൽ.എ. അധ്യക്ഷനായി. നാളികേരവികസന ബോർഡ് ചെയർമാൻ ടി.കെ.ജോസ് ഐ.എ.എസ്. മുഖ്യപ്രഭാഷണം നടത്തി. രാവിലെ നടന്ന സി.ഡി. പ്രദർശനവും നാളികേരത്പന്നങ്ങൾ പരിചയപ്പെടുത്തി. ഫീൽഡ് ഓഫീസർ കെ.എം.വിജയൻ ക്ലാസെടുത്തു. തേജസ്വിനി കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ചെയർമാൻ സണ്ണി ജോർജ് ഇളംതുരുത്തിൽ വിഷയാവതരണം നടത്തി.

ചങ്ങാതിക്കൂട്ടം ട്രെയിനിങ് സെന്റർ ഉദ്ഘാടനം പെരിങ്ങോം പഞ്ചായത്ത് പ്രസിഡന്റ് പി.വി.തമ്പാനും കമ്പനി വെബ്സൈറ്റ് ഉദ്ഘാടനം ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ കനകാംബരനും കമ്പനി ഷെയർ വിതരണ ഉദ്ഘാടനം നബാർഡ് എ.ജി.എം. പി.ദിനേശും നിർവഹിച്ചു. കമ്പനി ലോഗോ പ്രകാശനം ജില്ലാ കൃഷി ഡെപ്യൂട്ടി ഡയറക്ടർ പി.സി.ധനരാജ് നടത്തി. സി.പി.എസ്സിന്റെ ആദ്യ ഷെയർ ഷാജി ഗണപതി പ്ലാക്കലിൽനിന്ന് ചെക്ക് സ്വീകരിച്ച് കണ്ണൂർ ആത്മ ഡെപ്യൂട്ടി ഡയറക്ടർ ജെയിൻ ജോർജ് ഉദ്ഘാടനം ചെയ്തു. യന്ത്രവത്കൃത ചകിരി വ്യവസായ സഹകരണസംഘത്തെക്കുറിച്ച് ജില്ലാ പ്രോജക്ട് ഓഫീസർ കെ.സുരേന്ദ്രനാഥ് വിശദീകരിച്ചു. ആദ്യ വ്യക്തിഗത ഷെയർ ഉണ്ണി ജേക്കബ് പാമ്പയ്ക്കൽ നൽകി.

എ.സുഭദ്ര, വിജേഷ് പള്ളിക്കര, കെ.കുഞ്ഞികൃഷ്ണൻ നായർ, കെ.എം.ഷാജി, വി.കൃഷ്ണൻ, രാജു ചുണ്ട, ഡെന്നി കാവാലം, എം.സതീശൻ, എം.കെ.ഇബ്രാഹിം എന്നിവർ സംസാരിച്ചു. ചെറുപുഴ പഞ്ചായത്ത് പ്രസിഡന്റ് റോഷി ജോസ് സ്വാഗതവും ജോയിക്കുട്ടി വിൻസെന്റ് നന്ദിയും പറഞ്ഞു.